(സി) ഓൺലൈൻ പോക്കുവരവ് (ജമമാറ്റം) ചെയ്യുന്നതിലേയ്ക്കായി ഉണ്ടാക്കിയ റെലിസ് എന്ന പദ്ധതി വഴി സ്ഥലം കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്ന വ്യക്തി വില്ലേജ് ഓഫീസിൽ നിന്നോ, അക്ഷയ കേന്ദ്രങ്ങളിൽ നിന്നോ ലഭിക്കുന്ന 'ഭൂരേഖ(RoR)' സഹിതം ആ പ്രദേശത്തെ സബ് രജിസ്ട്രാർക്ക് അക്ഷയ കേന്ദ്രം വഴി നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ പോക്കുവരവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ ഓൺലൈൻ ആയി അയയ്ക്കേണ്ടതാണ്. ആധാരത്തിലെയും ഓൺലൈൻ ആയി ലഭിച്ച അപേക്ഷയിലെയും വസ്തുതകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം അവശ്യം വേണ്ട വിവരങ്ങൾ ഓൺലൈൻ ആയിത്തന്നെ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ വിവരങ്ങൾ സബ് രജിസ്ട്രാർ പരിശോധിച്ച് അംഗീകരിച്ചാൽ ഉടനെ പോക്കുവരവ് (ജമമാറ്റം) നടത്തുന്നതിലേയ്ക്കായി ഭൂമി കൈമാറ്റത്തിന്റെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട തഹസിൽദാർക്കോ വില്ലേജ് ഓഫീസർക്കോ റെലിസ് പ്രോഗ്രാം വഴി ഓൺലൈൻ ആയി അയച്ചു കൊടുക്കുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസർ/ തഹസിൽദാർ പരിശോധിച്ച് അംഗീകരിക്കുമ്പോൾ വസ്തു കൈമാറ്റം ലഭിച്ച വ്യക്തിയുടെ പേരിൽ ജമമാറ്റം നടക്കുകയും പുതിയ തണ്ടപ്പേർ, സർവ്വേ/സബ് ഡിവിഷൻ നമ്പർ എന്നിവ ലഭിക്കുകയും ചെയ്യുന്നു.

(ഡി) ഉണ്ട്. റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ റെലിസ് പദ്ധതി പ്രകാരമുള്ള ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ 9 ജില്ലകളിലെ റീസർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളെ എസ്.ആർ.ഒ.-കളുമായി കോർത്തിണക്കിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന എരിമയൂർ I, എരിമയൂർ II, കിഴക്കാഞ്ചേരി I, കിഴക്കാഞ്ചേരി II, വടക്കാഞ്ചേരി I, വടക്കാഞ്ചേരി II, തരൂർ I, തരൂർ II, കണ്ണമ്പ്ര I, കണ്ണമ്പ്ര II, കാവശ്ശേരി I, കാവശ്ശേരി II, വണ്ടാഴി I, മേലാർക്കോട്, ആലത്തൂർ, പുതുക്കോട്, മംഗലം ഡാം എന്നീ 17 വില്ലേജുകളിൽ നിലവിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ ഉദ്യോഗസ്ഥർക്കെതിരായ പരാതി

182(1238) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഉദ്യോഗസ്ഥർക്കെതിരായ പരാതികളിൽ അന്വേഷണം നടത്തുവാൻ സർക്കാർ സെക്രട്ടറിയുടെ നിയന്ത്രണത്തിൽ പുതിയ വകുപ്പ് രൂപീകരിക്കുമോ ;

(ബി) റവന്യൂ ജീവനക്കാർ എതിർകക്ഷികളായി വരുന്ന എത്ര വിജിലൻസ് കേസുകൾ ഉണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) റവന്യൂ ജീവനക്കാർ എതിർകക്ഷികളായ 130 വിജിലൻസ് കേസുകൾ ഇപ്പോൾ നിലവിലുണ്ട്.

ഇരിണാവ് പാലം

183 (1239) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ' ഇരിണാവ് പാലം' നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇറിഗേഷൻ വകുപ്പിന്റെ റഗുലേറ്റർ കം ബ്രിഡ്ജ് കാലപ്പഴക്കം കാരണം ഏതു സമയത്തും തകരുമെന്നിരിക്കെ സ്ഥലം അടിയന്തരമായി ലഭ്യമാക്കി പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ കല്ലാശ്ശേരി, മാട്ടൂൽ വില്ലേജുകളിലെ 0.1225 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 7-10-2013-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 5422/13/റവ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) അടുത്ത സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി വില അംഗീകരിച്ചതിനുശേഷം അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതാണ്.

തർക്കരഹിത ഭൂമിക്ക് കൈമാറ്റ അനുമതിയോടെ പട്ടയം

184 (1240) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാന്റ് അസൈൻമെന്റ് ആക്ട് 1960 പ്രകാരം 1971 ഓഗസ്റ്റ് 31 വരെ ഭൂമി കൈവശം വച്ച് സ്ഥിര താമസമാക്കിയവർക്കും അവരുടെ പിന്തുടർച്ചക്കാർക്കും നാല് ഏക്കർ വരെ തർക്ക രഹിത ഭൂമിക്ക് കൈമാറ്റ അനുമതിയോടെ പട്ടയം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ളവർ സംസ്ഥാനത്ത് എത്രയാണെന്ന കണക്കുകൾ ജില്ല തിരിച്ച് നല്കാമോ ; പട്ടയം നൽകുന്നത് സംബന്ധിച്ച പുതിയ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly